കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ

66 [1865] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അഞ്ഞൂറിലധികം താൽക്കാലിക ജീവനക്കാർ ജോലിയിൽ തുടരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ അടിയന്തിരമായി പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ കരാറുകാർ മുഖേന 373 പേരുടെ താൽക്കാലിക സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കടലാക്രമണം തടയുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാൻ നടപടി

67 [1867] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന കടലാക്രമണത്തെ സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ വർഷകാലത്ത് കേരളത്തിൽ എവിടെയെല്ലാം കടലാക്രമണം ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കടലാക്രമണം തടയുന്നതിന് വേണ്ടി എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ കടലാക്രമണത്തിൽ നിന്നും കടൽത്തീരത്തെ സംരക്ഷിക്കുന്നതിന് വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ ശാസ്ത്രീയ പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) രൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടുള്ള സ്ഥലങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

	ജില്ല	സ്ഥലങ്ങൾ	ദൂരം (കി.മീ.)
1.	തിരുവനന്തപുരം ..	കൊല്ലങ്കോട്, പൂവാർ, കോവളം, കരമ്പള്ളിക്കര, പനത്തറക്കര, പൂന്തുറ, വലിയതുറ, വേളി, പുതുകുറിച്ചി, പെരുമാതുറ, തെന്നമ്പള്ളി, ഒടയം, കാപ്പിൽ, ഇടവ, അഞ്ചുതെങ്ങ്	1.49
2.	കൊല്ലം ..	വലിയഴീക്കൽ, തറയിൽകടവ്, പെരുമ്പള്ളി, ആറാട്ടുപുഴ, വട്ടച്ചൽ നോർത്ത്, മീശമുക്ക്, പതിങ്കര, പതിശ്ശേരി	16.25
3.	ആലപ്പുഴ ..	നീർക്കുന്നം, വണ്ടാനം, തോട്ടപ്പള്ളി, വാടക്കൽ, കാട്ടൂർ, കാഞ്ഞിരംചിറ, ഓമനപ്പുഴ, തൃക്കുന്നപ്പുഴ, ചാപ്പക്കടവ്, ഒറ്റമശ്ശേരി, മാരാരിക്കുളം	15
4.	എറണാകുളം ..	വൈപ്പിൻ ദ്വീപ്, ചെല്ലാനം ദ്വീപ്, കണ്ടക്കാട്, ചരുവക്കാട്, മലക്കാപടി, ചെറിയകടവ്, മനിശ്ശേരി, സ്വാതി ബീച്ച് റോഡ്, ഐ.എൻ.എസ്. ദ്രോണാചാര്യ, ഫോർട്ട്കൊച്ചി, എളങ്കുന്നപ്പുഴ, ചേപ്പ, മാലിപ്പുറം, ഏഞ്ഞരക്കൽ, നായരമ്പലം, വലിയതുപറമ്പ്, പുത്തൻമടപ്പുറം, എടവണക്കാട്, കോഴിപ്പള്ളി, ചേരി, പള്ളിപ്പുറം, മുനമ്പം	14.5

LIBRARY ARCHIVES Kerala Legislative Assembly

	ജില്ല		സ്ഥലങ്ങൾ	ദൂരം (കി.മീ.)
5.	തൃശ്ശൂർ	..	കൊടുങ്ങല്ലൂർ, ഏറിയാട്, അഴീക്കോട്, നാട്ടിക, ചാവക്കാട്, വാടാനപ്പള്ളി, ചേറ്റുവ	11
6.	മലപ്പുറം	..	പൊന്നാനി, തിരൂർ, പുതുപൊന്നാനി, പരപ്പനങ്ങാടി	3.25
7.	കോഴിക്കോട്	..	കടലുണ്ടി, അഴിയൂർ, പായേരിവളപ്പ്, പക്കറുഹാജി വളപ്പ്, പുതിയകടവ്, മക്കാട് ബീച്ച്, മുഖദാർ, കോതി, ശവകണ്ടിപറമ്പ്	28.75
8.	കണ്ണൂർ	..	പാലക്കോട്, തയ്യിൽ, ഏഴരക്കടപ്പുറം, ധർമ്മടം, വാടക്കൽ, ആയിക്കര, മൈതാനപ്പള്ളി, ഗോപാൽപേട്ട്, മാട്ടൂൽ, പെട്ടിപാളം ചാലിൽ	4.5
9.	കാസർകോഡ്	..	മഞ്ചേശ്വരം, ബെരിക്ക, ഷെറിയ, പായിപ്പാടി, കാവുഗോളി, ചെറുമണ്ടായി, ബേക്കൽ, പുതിയ കടപ്പുറം, കീഴൂർ വലിയപറമ്പ്, അടക്കത്തുവയൽ	3.0

(സി) കടലാക്രമണം തടയുന്നതിന് വേണ്ടി കഴിഞ്ഞ മൂന്നു കൊല്ലമായി ജിയോ ഫാബ്രിക്ക് ഫിൽട്ടർ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം ആണ് നടപ്പിലാക്കിവരുന്നത്. ഈ രീതിയിൽ കടൽഭിത്തി നിർമ്മിച്ച സ്ഥലങ്ങളിൽ കടൽക്ഷോഭ സമയത്ത് ഇത് കാര്യമായി പ്രവർത്തിച്ചതായിട്ടാണ് കാണുന്നത്. പുതിയ പദ്ധതികളൊന്നും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി ആന്റ് ഇ) കേരളത്തിന്റെ കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ടി 11-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2000-2005 കാലയളവിലേക്കായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന 52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുവാനും 60 കി.മീ. കടൽഭിത്തി പുനരുദ്ധാരണത്തിനുംവേണ്ടി 216.96 കോടി രൂപയുടെ ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly